# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടന്മേട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1062/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 16/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടന്മേട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1062/2023 തീയ്യതി: 16/11/2023

## ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-02-2023 മുതൽ 17-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2023 | 23-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-09-2023 | 23-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു., ഓഡിറ്റ് ഓഫിസർ
ശ്രീ. എം.എസ്. രാജീവ് ,ഓഡിറ്റ് ഓഫിസർ
ശ്രീ. ആർ. സാമുവൽരാജ്, അസി. ഓഡിറ്റ് ഓഫിസർ
ശ്രീ. ജോമോൻ ഫ്രാൻസിസ്,സീനിയർ ഗ്രേഡ് ഓഫീസർ
ശ്രീ. ജോയ്സൻ സി.ജെ., സീനിയർ ഗ്രേഡ് ഓഫീസർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സിബി എബ്രാഹം | പ്രസിഡന്റ് | 01-04-2022 | 13-10-2022 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 14-10-2022 | 01-11-2022 |
| ശ്രീ സുരേഷ് ശ്രീധരൻ | പ്രസിഡന്റ് | 02-11-2022 | 31-03-2023 |
| ശ്രീ അജി കെ തോമസ് | സെക്രട്ടറി | 01-04-2022 | 30-09-2022 |

| | | | |
|---|---|---|---|
| ശ്രീ ഹരികുമാർ എസ് | സെക്രട്ടറി | 01-10-2022 | 31-12-2022 |
| ശ്രീ റോയിമോൻ ചാക്കോ,അസി.സെക്രട്ടറി | സെക്രട്ടറി-**ഇൻ**-ചാ**ർജ്ജ്** | 01-01-2023 | 15-01-2023 |
| ശ്രീ വിമലചന്ദ്രൻ വി.എസ് | സെക്രട്ടറി | 16-01-2023 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ റോയിമോൻ ടി ചാക്കോ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി അഞ്ജലി പി | അസി.എഞ്ചിനിയർ | 01-04-2022 | 07-10-2022 |
| ശ്രീ ലിജിൻ രാജീവ് | അസി.എഞ്ചിനിയർ | 08-10-2022 | 31-03-2023 |
| ഡോ.ബിനു കെ ജോൺ | മെഡിക്കൽ ഓഫിസർ സി.എച്ച്.സി | 01-04-2022 | 06-06-2022 |
| ഡോ.ശ്രുതി വി | മെഡിക്കൽ ഓഫിസർ സി.എച്ച്.സി | 07-06-2022 | 29-08-2022 |
| ഡോ.ഷിനു നൈനാൻ | മെഡിക്കൽ ഓഫിസർ സി.എച്ച്.സി | 30-08-2022 | 06-12-2022 |
| ഡോ.വരുൺ വി.ജി | മെഡിക്കൽ ഓഫിസർ സി.എച്ച്.സി | 07-12-2022 | 31-03-2023 |
| ഡോ.വിജി വി.ആർ | വെറ്ററിനറി സർജൻ | 01-04-2022 | 29-01-2023 |
| ഡോ.അബ്ദുൾ സത്താർ | വെറ്ററിനറി സർജൻ | 30-01-2023 | 12-02-2023 |
| ഡോ.ഗ്രീഷ്മ ജെ | വെറ്ററിനറി സർജൻ | 13-02-2023 | 31-03-2023 |
| ശ്രീമതി പ്രിൻസി ജോൺ ജെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മിനിമോൾ കെ.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി സ്നേഹ സേവ്യർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശ്രീജ ആർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ സാജു ഫിലിപ്പ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-2 |
| 4 | ബാങ്ക് റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയില്ല - ബാങ്ക് അക്കൗണ്ട് കണക്കുകളിൽ ഉൾപ്പെടുത്തിയില്ല | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | Prior Period ഇനങ്ങളെ സാക്ഷ്യപ്പെടുത്തുന്ന അനുബന്ധ രേഖകൾ ഇല്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | ഗ്രാന്റ് വിനിയോഗം | 1-3 |
| 9 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-3-1 |
| 10 | എസ്.സി.പി., റ്റി.എസ്.പി. ഫണ്ട് ചെലവ് യഥാക്രമം 78.88, 75.50 ശതമാനം മാത്രം | 1-3-2 |
| 11 | പദ്ധതി അവലോകനം | 1-4 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 13 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-6 |
| 14 | ക്യാഷ് പരിശോധന | 1-7 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 16 | കാലാവധി പൂർത്തിയാക്കിയിട്ടും സ്ഥിര നിക്ഷേപം പുതുക്കുകയോ പിൻവലിക്കുകയോ ചെയ്തിട്ടില്ല | 1-9 |
| 17 | തനത് വിഭവ സമാഹരണം - അവലോകനം | 1-10 |
| 18 | അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല | 1-11 |
| 19 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കി | 1-12 |
| 20 | സാക്ഷ്യപത്രം ഹാജരാക്കാത്ത വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവ് നൽകി | 1-13 |
| 21 | അപേക്ഷകളില്ലാതെ വസ്തു നികുതിയിൽ ഇളവ് നൽകി | 1-14 |
| 22 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല | 1-15 |
| 23 | ലൈസൻസ് നൽകൽ - അപാകതകൾ | 1-16 |
| 24 | ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കയ്യേറ്റം - തുടർ നടപടി സ്വീകരിച്ചിട്ടില്ല | 1-17 |
| 25 | ഔഷധങ്ങൾ  ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല | 1-18 |
| 26 | പൊതുടാപ്പുകൾ റദ്ദ് ചെയ്യൽ - വാട്ടർ അതോറിറ്റി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-19 |
| 27 | ടേക്ക്-എ-ബ്രേക്ക് ശുചിത്വ സമുച്ചയം - പദ്ധതി പൂർത്തീകരണം അനന്തമായി നീളുന്നു | 1-20 |
| 28 | കുടിവെള്ള പദ്ധതി - മോട്ടോർ സ്ഥാപിക്കുന്നതിന് അധികം തുക നൽകിയിരിക്കുന്നു | 1-21 |
| 29 | വണ്ടൻമേട് എം.സി.എഫ്. കുഴൽകിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ പദ്ധതി - അപാകതകൾ | 1-22 |
| 30 | സ്റ്റീൽ പ്രവൃത്തിക്ക് അധികം തുക നൽകി | 1-23 |
| 31 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 32 | ആശാൻപടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം - അധികം തുക നൽകി | 1-25 |

| | | |
|---|---|---|
| 33 | കഞ്ഞിപ്പാറ കോളനി കുഴൽകിണർ, മോട്ടോർ ഷെഡ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-26 |
| 34 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - നടപടി ക്രമങ്ങൾ പാലിച്ചില്ല | 1-27 |
| 35 | ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-28 |
| 36 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-29 |
| 37 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - രേഖകൾ/ വിശദാംശങ്ങൾ ലഭ്യമല്ല - ചെലവ് തടസ്സം | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & അദ്ധ്യായം 11-ലെ ഖണ്ഡിക 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണ സമിതിയുടെ 06.07.2023-ലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 13.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള വണ്ടൻമേട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വണ്ടൻമേട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| 15.11.2023 | ഇടുക്കി |

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക കണക്കിൽ റേഷ്യോസ് (അടിസ്ഥാന അനുപാതങ്ങൾ), സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31.03.2023ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

1-1-3 ബാങ്ക് റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയില്ല - ബാങ്ക് അക്കൗണ്ട് കണക്കുകളിൽ ഉൾപ്പെടുത്തിയില്ല

1) വാർഷിക ധനകാര്യ പത്രികയിലെ 450210101-Union Bank Of India (336902010020905) എന്ന ശീർഷകത്തിൽ ₹43,32,979/-യും ബാങ്ക് ബുക്ക് പ്രകാരം ₹43,48,326/-യുമാണ്.

2) ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഫെഡറൽ ബാങ്കിന്റെ അക്കൗണ്ട് നം. 10730100195593 പ്രകാരം ₹57,720/-യുടെ നീക്കിയിരിപ്പുണ്ട്. ആയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

1) ബാലൻസ് ഷീറ്റ് ബി-14 പ്രകാരം സ്റ്റോക്ക് ഇൻ ഹാന്റ് ₹28,840/-യാണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വാർഷാന്ത്യ മൂല്യം കണക്കാക്കി എഴുതി സൂക്ഷിക്കുന്നില്ല. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 58,4(a)].

2) 460509901 Advance To Others എന്ന ശീർഷകത്തിൽ ₹39,55,315/-യുണ്ട്. ആയതിന്റെ കൃത്യത വ്യക്തമല്ല. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

1-1-5 Prior Period ഇനങ്ങളെ സാക്ഷ്യപ്പെടുത്തുന്ന അനുബന്ധ രേഖകൾ ഇല്ല

Prior Period ഇനങ്ങളെ സാക്ഷ്യപ്പെടുത്തുന്ന അനുബന്ധ വൗച്ചറുകൾ ലഭ്യമാക്കിയില്ല.

1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 14.03.2022ലെ 1-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 25.03.2022ലെ 1-ാം നമ്പർ നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹5539859 |
| വരവ് | ₹250347000 |
| ആകെ വരവ് | ₹255886859 |

| | |
|---|---|
| ആകെ ചെലവ് | ₹254492000 |
| മിച്ചം | ₹1394859 |

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 20193989 | 20193989 | 18930776 | - |
| വികസന ഫണ്ട്-എസ്.സി.പി | 0 | 13384521 | 13384521 | 10558292 | - |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1468000 | 1468000 | 1108426 | - |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 831321 | 4851849 | 5683170 | 3922063 | 1761107 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2779868 | 10870218 | 13650086 | 9863132 | 3786954 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ഹെൽത്ത് ഗ്രാന്റ്-ഇൻഫ്ര)** | 0 | 371506 | 371506 | 0 | 371506 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (വെൽനസ്സ്)** | 0 | 212313 | 212313 | 44124 | 168189 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 11522000 | 11522000 | 10094094 | - |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 9606000 | 9606000 | 8469762 | - |
| ആർ.ജി.പി.എസ്.എ. | 0 | 129806 | 129806 | 129806 | 0 |
| സമ്പൂർണ്ണ ശുചിത്വം | 2768141 | 1019 | 2769160 | 188295 | 2580865 |
| ഐ.സി.ഡി.എസ്. (320100196) | 1008604 | 0 | 1008604 | 692516 | 316088 |
| ഐ.സി.ഡി.എസ്. (300100125) | 0 | 2203314 | 2203314 | 505709 | 1697605 |
| MGNREGS (320100128) | 1480 | 1012371 | 1013851 | 1012909 | 942 |
| National Health Mission (320100139) | 0 | 207535 | 207535 | 0 | 20735 |
| Other Liabilities (320100999) | 63256 | 0 | 63256 | 0 | 63256 |
| Allopathy - Capital (320200206) | 0 | 369733 | 369733 | 0 | 369733 |
| Grants, Funds &Contribution For Specific Purpose (320200399) | 0 | 6004810 | 6004810 | 2267157 | 3737653 |
| Literary Scheme Grant (320100197) | 0 | 16040 | 16040 | 16040 | 0 |
| Total Sanitation Schme (320100182) | 0 | 180254 | 180254 | 180254 | 0 |
| Total Sanitation (320300103) | 282 | 0 | 282 | 0 | 282 |
| Grands Funds & Contribution - Govt. Agencies (320300199) | 754151 | 0 | 754151 | 0 | 754151 |
| ശുചിത്വമിഷൻ | 3361002 | 0 | 3361002 | 2285714 | 1505002 |

| | | | | | |
|---|---|---|---|---|---|
| കൃഷി വകുപ്പ് | 357706 | 0 | 357706 | 0 | 357706 |
| ആയുർവ്വേദ വകുപ്പ് | 93600 | 0 | 93600 | 0 | 93600 |
| രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി | 73288 | 0 | 73288 | 0 | 73288 |
| എസ്.ഡി.ആർ.എഫ് | 348676 | 0 | 348676 | 0 | 348676 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ഹെൽത്ത് ഗ്രാന്റ്-ഇൻഫ്ര)**, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (വെൽനസ്സ്)** എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് പകരം National Health Mission (320100139) എന്ന ഹെഡിൽ ₹2,07,335/-യും, Fund For Transferred Institution-Alloapathy-capital (320200206) എന്ന ഹെഡിൽ ₹3,69,733/-യുമുണ്ട്. ആയത് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ഹെൽത്ത് ഗ്രാന്റ്-ഇൻഫ്ര), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (വെൽനസ്സ്) എന്നിവയുടെ ACR രജിസ്റ്റർ, പാസ്ബുക്ക് നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

എ) വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി.) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം, അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പരിഗണിച്ച വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുമുണ്ട്. അതിനാൽ ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വിഹിതം ₹ | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ | അക്കൗണ്ട് ചെയ്ത ഫണ്ട് ₹ |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 20193989 | 3423008 | 1708200 | 15062781 |
| വികസനഫണ്ട് (SCP) | 13384521 | 737246 | 0 | 12647275 |
| വികസനഫണ്ട് (TSP) | 1468000 | 565876 | 0 | 902124 |

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനവും തിരിച്ച് ലഭ്യമല്ല.

1-3-2 എസ്.സി.പി., റ്റി.എസ്.പി. ഫണ്ട് ചെലവ് യഥാക്രമം 78.88, 75.50 ശതമാനം മാത്രം

15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2022-23 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്തപക്ഷം, അനുവദിച്ച തുകയുടെ 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്ത് ലഭിക്കുകയുള്ളൂ. വികസന ഫണ്ട് (SCP), വികസന ഫണ്ട് (TSP) എന്നീയിനങ്ങളുടെ ചെലവിൽ തൻവർഷമുണ്ടാകുന്ന കുറവിന്/ ഷോർട്ട് ഫോളിന് തുല്യമായി അടുത്ത വർഷത്തെ പൊതുവിഭാഗം ഫണ്ടിൽ നിന്ന് പരിഹാര വകയിരുത്തൽ നടത്തുന്നതാണ്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹2,15,299/- ലാപ്സായി.

| ഫണ്ടിനം | അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് – SCP | 13384521 | 10558292 | 2826229 | 78.88 | 2676904 | 149325 |
| വികസന ഫണ്ട് – TSP | 1468000 | 1108426 | 359574 | 75.5 | 293600 | 65974 |

1-4 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 237 | 199335874 | 182 | 77171885 | 55 |

1 . ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഫണ്ട് ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 24282359 | 18930776 |
| | പട്ടിക ജാതി വിഭാഗം | 15483144 | 10558292 |
| | പട്ടിക വർഗ്ഗ വിഭാഗം | 1154351 | 1108426 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 21803824 | 13785195 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | 5757574 | 1804923 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | 20233373 | 1480000 |
| തനത് ഫണ്ട് | | 5229921 | 2146693 |
| മറ്റ് ഗ്രാമ പഞ്ചായത്ത് ഫണ്ട് | | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 6153149 | 3006000 |
| മറ്റ് ജില്ലാ പഞ്ചായത്ത് | | 7125000 | 2246900 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 12315100 | 10094094 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 11646046 | 8469762 |
| മറ്റിനം | | 67574733 | 3496700 |
| ആകെ | | 199335874 | 77171885 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5508999 | 6 | 5158688 |
| വെറ്ററിനറി സർജൻ | 4 | 2355400 | 4 | 1917986 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 3 | 1477300 | 2 | 937626 |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 420000 | 2 | 420000 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 920000 | 2 | 920000 |
| വി.ഇ.ഒ | 12 | 50724235 | 10 | 6372995 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 6914700 | 8 | 6856018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 3856875 | 1 | 3400000 |
| സെക്രട്ടറി | 37 | 13958496 | 27 | 9855564 |
| അസി. എഞ്ചിനീയർ | 150 | 76960178 | 111 | 36843079 |
| അസി. സെക്രട്ടറി | 9 | 35804691 | 6 | 4105000 |
| ഹെഡ്മാസ്റ്റർ | 3 | 435000 | 3 | 384929 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം തൊഴിലുറപ്പ് പദ്ധതി | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 1480 | 1012371 | 1013850.70 | 1012908.41 | 942 |
| | തൊഴിലാളികളുടെ കൂലി | 0 | 11793765 | 11793765 | 11793765 | 0 |

## 1-6 സാമൂഹ്യ സുരക്ഷാ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2192 | 21028400 |
| കർഷക തൊഴിലാളി പെൻഷൻ | 181 | 1859200 |
| വിധവാ പെൻഷൻ | 1296 | 12423000 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11 | 107200 |
| വികലാംഗപെൻഷൻ | 292 | 2945800 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.09.2023ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8,728/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും നാളിതുവരെ നടപ്പാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ സ്ഥാവര-ജംഗമ ആസ്തികളും കാലഹരണപ്പെട്ടുപോകാതെ കൃത്യമായി കണ്ടെത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പുറ്റടിയിലുള്ള സ്ഥലം അനധികൃതമായി കൈയ്യേറിയിട്ടും കൈയ്യേറ്റം ഒഴിപ്പിച്ച് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2020-21 വർഷം നിർമ്മാണം ആരംഭിച്ച ടേക്ക്-എ-ബ്രേക്ക് ശുചിത്വ സമുച്ചയം നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. കാലാവധി കഴിഞ്ഞ സ്ഥിര നിക്ഷേപങ്ങൾ യഥാസമയം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും ഇടപെടലുകൾ നടത്തിയിട്ടില്ല. അതിനാൽ, പദ്ധതി ചെലവ് 50 ശതമാനത്തിൽ താഴെയാണ്. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9 കാലാവധി പൂർത്തിയാക്കിയിട്ടും സ്ഥിര നിക്ഷേപം പുതുക്കുകയോ പിൻവലിക്കുകയോ ചെയ്തിട്ടില്ല

നെടുംകണ്ടം ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഗ്രാമ പഞ്ചായത്തിന്റെ പേരിലുള്ള സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് | സ്ഥിര നിക്ഷേപം നടത്തിയ തീയതി | തുക (₹) | സ്ഥിര നിക്ഷേപം പുതുക്കേണ്ട തീയതി |
|---|---|---|---|
| 0238 | 21.10.2020 (2 വർഷം) | 1085000 | 21.10.2022 |
| 0237 | 22.10.2020 (2 വർഷം) | 1627500 | 22.10.2022 |
| | ആകെ | 2712500 | |

സ്ഥിര നിക്ഷേപത്തിന് 31.03.2022 വരെ ലഭിക്കേണ്ട പലിശയായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹2,30,563/- 31.03.2022ലെ 42100724 ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കിൽ 420700101 നമ്പർ ഹെഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 22.10.2020 മുതൽ 21.10.2022 വരെ 2 വർഷത്തേക്ക് സ്ഥിര നിക്ഷേപം നടത്തിയ തുകയുടെ 31.03.2022 വരെയുള്ള പലിശ ജേർണൽ എൻട്രി മുഖേന അക്കൗണ്ടിൽ ഉൾപ്പെടുത്തിയത് തെറ്റായ നടപടി ക്രമമാണ് (ഒരു വർഷത്തെ പലിശയാണ് കണക്കാക്കിയിട്ടുള്ളത്). പലിശ സഹിതം 31.03.2022ലെ ആകെ സ്ഥിര നിക്ഷേപം ₹29,43,063/-യായിരുന്നു. 22.10.2022

വരെ ലഭിക്കേണ്ട പലിശയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| എഫ്. ഡി. നം. | നിക്ഷേപ തുക ₹ | പലിശ @8.5% |
|---|---|---|
| 0237 | 1085000 | 184450 |
| 0238 | 1627500 | 276675 |
| ആകെ | 2712500 | 461125 |

22.10.2022ൽ കാലാവധി പൂർത്തിയാക്കിയ സ്ഥിര നിക്ഷേപങ്ങൾ യഥാസമയം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ തുക പിൻവലിക്കുകയോ ചെയ്തിട്ടില്ല. സമയബന്ധിതമായി നിക്ഷേപങ്ങൾ പുതുക്കാത്തതിനാൽ 22.10.2022 മുതലുള്ള പലിശ നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. 26.07.2023ലെ 13(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിര നിക്ഷേപം പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. 22.10.2022 മുതൽ നിക്ഷേപം പിൻവലിക്കുന്ന തീയതി വരെയുള്ള കാലയളവിലെ പലിശ കൂടി 8.5% നിരക്കിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പലിശ നിർണ്ണയിച്ചിട്ടുള്ളതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-10 തനത് വിഭവ സമാഹരണം - അവലോകനം

*തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല*

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ, തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി ഭരണ സമിതിക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണ സമിതിയിൽ അവതരിപ്പിച്ച് നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണ സമിതി യോഗത്തിൽ വയ്ക്കേണ്ടതാണ് [2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം (60)].

നികുതി നികുതിയേതര വരുമാനങ്ങൾ

എ) തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് പരിപാലിക്കുന്നില്ല.

തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയാറാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017-ലെ ജി.ഒ.(പി)നം.80/2017/ത.സ്വ.ഭ.വ./എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ച ഭേദഗതി ചട്ടങ്ങളിലെ ചട്ടം 10-ലെ പട്ടിക 2-ൽ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വിവിധ വ്യാപാരങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടതെങ്കിലും അപേക്ഷയിൽ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം രേഖപ്പെടുത്തി ആനുപാതികമായ ഫീസ് ഈടാക്കുന്നില്ല.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കാവുന്നതാണ്.

സി) വസ്തു നികുതി

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തു നികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇത് സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

വണ്ടൻമേട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള അടിസ്ഥാന നികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്ത കൂടിയതും കുറഞ്ഞതുമായ പരിധിക്ക് വിധേയമായി 01.04.2011 പ്രാബല്യത്തിൽ കൊണ്ടു വന്നിട്ടുള്ളതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷ കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01.04.2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷ കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05.04.2013ലെ സ.ഉ.(അച്ചടി) 5/2023/LSD. നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 25.05.2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗം 16(1) നമ്പർ തീരുമാനപ്രകാരം താല്ക്കാലികമായും, 10.08.2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗം 2(1) നമ്പർ തീരുമാനപ്രകാരം അന്തിമമായും നിശ്ചയിച്ചിട്ടുണ്ട്. ഭൂപ്രദേശങ്ങളെ മേഖലകളായി തിരിച്ചും, വിവിധ റോഡുകൾ തരം തിരിച്ചും അന്തിമമായി നിശ്ചയിച്ചിട്ടുള്ള വസ്തു നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1) *കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം/പുനർ നിർണ്ണയം*

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ

ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്ത് കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്മാൻ, സിവിൽ, ഐ.ടി.ഐ. സർവെയർ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് പ്രാഥമിക നടപടി സ്വീകരിച്ചിട്ടുണ്ട്. നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ച് നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാ ബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ യഥാർത്ഥ വിവരം കൃത്യമാക്കേണ്ടതാണ്. അതിനെ തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്തിൽ 82 കൈത്തറി/കയർ പിരി ഷെഡുകളുണ്ട്. മേൽ സ്ഥാപനങ്ങളുടെ ഉപയോഗക്രമം പുന:പരിശോധിച്ച് ഉപയോഗക്രമത്തിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) <u>പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്</u>

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ, അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജല വിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

ഗ്രാമപഞ്ചായത്തിന്, ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എങ്കിൽ കെട്ടിടത്തെ ബന്ധപ്പെട്ട സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

ഡി) <u>വിനോദ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്</u>

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽ കുളങ്ങൾ, കേബിൾ ടി. വി. നെറ്റ് വർക്ക്, പ്രദർശന വിപണന മേളകൾ, വിനോദ സഞ്ചാര സാധ്യതകളായ സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയുടെ സാധ്യതകൾ ഉണ്ടെങ്കിൽ ആയവ പരിശോധിച്ച് വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾക്കായി സർക്കാരിലേക്ക് ശുപാർശ ചെയ്യാവുന്നതാണ്.

ഇ) <u>ഉത്തരവാദിത്ത ടൂറിസം</u>

ടൂറിസത്തിന്റെ ഗുണപരമായ അംശങ്ങൾ പരമാവധി വർദ്ധിപ്പിക്കാനും തെറ്റായ ഘടകങ്ങളെ ഇല്ലാതാക്കാനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗമെന്ന നിലയിൽ ഉത്തരവാദിത്ത ടൂറിസം ലോക വ്യാപകമായി സ്വീകരിക്കപ്പെടുന്നു. പാരിസ്ഥിതികമോ സാമൂഹികമോ ആയ കോട്ടങ്ങളൊന്നും വരുത്താതെ ടൂറിസ്റ്റുകൾക്കും തദ്ദേശവാസികൾക്കും പരമാവധി പ്രയോജനം ലഭ്യമാക്കാനുള്ള സമഗ്ര സമീപനമാണ് ഉത്തരവാദിത്ത ടൂറിസത്തിനുള്ളത്. ഉത്തരവാദിത്ത ടൂറിസം തദ്ദേശീയ സമൂഹത്തിന്റെ ജീവിതാവസ്ഥകളെ അത്ഭുതകരമാം വിധം മെച്ചപ്പെടുത്തുന്നു എന്നതാണ് ഏറ്റവും ശ്രദ്ധേയമായ വസ്തുത. പഞ്ചായത്തിൽ പ്രധാന ടൂറിസം കേന്ദ്രങ്ങൾ നിലവിലില്ലെങ്കിലും ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ ഖ. 8.15ൽ നിർദ്ദേശിക്കുന്ന പ്രകാരം വിനോദ സഞ്ചാര മേഖലകൾ വികസിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-11 അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'UA' നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235AA വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235W വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ച് മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ച ചുവടെ ചേർത്തിട്ടുള്ള 3 അനധികൃത കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | പേര് | ഉപയോഗ ക്രമം |
|---|---|---|---|
| 1 | 4/157/UA | എം ശിവാനന്ദൻ | വാണിജ്യം |
| 2 | 9/20/UA | സെക്രട്ടറി, എൻ.എസ്.എസ്. കരയോഗം | വാണിജ്യം |
| 3 | 18/24/UA | ജിജി തോമസ് | വാണിജ്യം |

കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനോ, ചട്ടപ്രകാരമുള്ള തുടർ നടപടികൾ നടപ്പിലാക്കുന്നതിനോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4, തീ. 18.09.2023) മറുപടി ലഭ്യമാക്കിയില്ല. ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കി

വസ്തുനികുതി നിർണയ സോഫ്റ്റ്‌വെയറായ സഞ്ചയയിലെ രേഖപ്പെടുത്തലുകൾ പ്രകാരം ചുവടെ ചേർത്തിട്ടുള്ള നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235W പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. സെക്ഷൻ 235AA(1) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ 203(2) പറയുന്ന പ്രകാരമുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക

ഈടാക്കാവുന്നതാണ്.

| | | |
|---|---|---|
| 1 | 3/54 | പി.സി മുരുകൻ |
| 2 | 5/465/A | ശോശമ്മ വർഗ്ഗീസ് |
| 3 | 6/234 | പി. ജി. വേണുഗോപാൽ |
| 4 | 6/427 | ബാബു ജോർജ് |
| 5 | 6/452 | ശോശാമ്മ ജോൺ |
| 6 | 6/517 | സോന |
| 7 | 6/518 | ഗോപാല പിള്ള |
| 8 | 6/523 | ഹരിഹരൻ |
| 9 | 6/622 | ന്യൂ മെഡിക്കൽസ് |
| 10 | 6/636 | ജോയ് |
| 11 | 6/655 | ഭദ്ര |
| 12 | 6/766 | അന്നമ്മ പൗലോസ് |
| 13 | 6/768 | മഹേഷ് ശിവൻ |
| 14 | 10/51/UA | മോഹനൻ കെ. പി. |
| 15 | 10/76/UA | കരുണാകരൻ |
| 16 | 13/13/UA | മോഹനൻ ഗോവിന്ദൻ |
| 17 | 16/2/UA | കെ. നിത്യ |

വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9, 20.09.2023) മറുപടി ലഭ്യമാക്കിയില്ല. ചട്ട പ്രകാരമുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-13 സാക്ഷ്യപത്രം ഹാജരാക്കാത്ത വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഇളവ് നൽകി

സ.ഉ(കൈ) നം. 106/2017/തസ്വഭവ. തീയതി 26.05.2017 & സ.ഉ.(എം.എസ്)നം. 242/2013/തസ്വഭവ തീയതി 02.07.2013 എന്നിവ പ്രകാരം വിമുക്ത ഭടൻമാരുടെയും, അവരുടെ ഭാര്യമാരുടെയും, വിമുക്ത ഭടൻമാരുടെ വിധവകളുടെയും ഉടമസ്ഥതയിലുള്ള 2000 ചതുരശ്ര അടി വരെ വിസ്തീർണമുള്ള വാസഗൃഹത്തിന് നികുതി ഇളവ് നൽകിയിട്ടുണ്ട്. അപ്രകാരം നികുതിയിളവ് നേടിയ ചുവടെ ചേർത്തിട്ടുള്ള കെട്ടിട ഉടമകൾ മാർച്ച് 31ന് മുൻപ് സമർപ്പിക്കേണ്ട നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല.

| ക്രമ നം. | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉപ നമ്പർ | പേര്, വിലാസം | വിഭാഗം | ഇളവ് നൽകി തുടങ്ങിയ അർദ്ധവർഷം |
|---|---|---|---|---|---|---|
| 1 | 5 | 18 | A | വിലാസിനി<br>പുതുപറമ്പിൽ വീട്<br>വെള്ളിമല | വിമുക്ത ഭടൻമാരുടെ ഭാര്യമാരുടെ ഉടമസ്ഥതയിലുള്ള വാസഗൃഹം | 2019-20<br>Ist Half |

| | | | | | | |
|---|---|---|---|---|---|---|
| | | | | വണ്ടൻമേട് പി. ഒ. | | |
| 2 | 7 | 23 | | വർഗീസ് പ്രാടിയോടത്തിൽ കൊച്ചറ പി. ഒ. | വിമുക്ത ഭടൻമാരുടെ ഉടമസ്ഥതയിലുള്ള വാസഗൃഹം | 2017-18 Ist Half |
| 3 | 7 | 497 | | മോനച്ചൻ എബ്രഹാം ചെറ്റയിൽ രാജാക്കണ്ടം | വിമുക്ത ഭടൻമാരുടെ ഉടമസ്ഥതയിലുള്ള വാസഗൃഹം | 2017-18 Ist Half |
| 4 | 9 | 268 | | വി. വി. വർഗ്ഗീസ് വാഴപ്പറമ്പിൽ കൊച്ചറ | വിമുക്ത ഭടൻമാരുടെ ഉടമസ്ഥതയിലുള്ള വാസഗൃഹം | 2013-14 Ist Half |
| 5 | 11 | 453 | | ലാലി മാത്യു W/o മാത്യുകോലോത്ത് മുണ്ടിയെരുമ പി. ഒ. കല്ലാർ, കല്ലാർ പി. ഒ. | വിമുക്ത ഭടൻമാരുടെ ഉടമസ്ഥതയിലുള്ള വാസഗൃഹം | 2020-21 Ist Half |

കെട്ടിട ഉടമസ്ഥർ സമർപ്പിച്ച സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ലെങ്കിൽ വസ്തു നികുതിയിൽ നൽകിയ ഇളവ് റദ്ദ് ചെയ്ത് നികുതി ഈടാക്കേണ്ടതാണ്.

1-14 അപേക്ഷകളില്ലാതെ വസ്തു നികുതിയിൽ ഇളവ് നൽകി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം ഒരു അർദ്ധ വർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി കെട്ടിടം ഒഴിഞ്ഞു കിടന്നാൽ ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കുറയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്യാവുന്നതാണ്. ഒഴിഞ്ഞു കിടക്കുന്ന വിവരം പഞ്ചായത്തിനെ അറിയിച്ചില്ലെങ്കിൽ ഇളവ് അനുവദനീയമല്ല. 2022-23 വർഷം വസ്തു നികുതിയിൽ ഇളവ് അനുവദിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ കെട്ടിട ഉടമസ്ഥർ സമർപ്പിച്ച അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉപ നമ്പർ | പേര് | ഉപയോഗം | ഇളവ് ആരംഭിച്ച ദിവസം | ഇളവ് അവസാനിച്ച ദിവസം | ആകെ ദിവസം | ഇളവ് തുക ₹ |
|---|---|---|---|---|---|---|---|---|
| 13 | 427 | A | Doli Mathew | വ്യവസായത്തിനാവശ്യമുള്ളവ - കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 01.04.22 | 30.09.22 | 183 | 165 |
| 11 | 597 | | John V. J., JRC Farm | വ്യവസായത്തിനാവശ്യമുള്ളവ - കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 01.04.22 | 30.09.22 | 183 | 763 |
| 7 | 52 | B | Shaji Varghese Alias Varghese | ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ | 01.04.22 | 30.09.22 | 183 | 2048 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | Thomas S/o Thomas | | | | | |
| 15 | 17 | | Jibn Skariya | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 01.04.22 | 30.09.22 | 183 | 720 |
| 11 | 225 | A | Leelamma Abraham | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 01.04.22 | 30.09.22 | 183 | 85 |
| 13 | 427 | A | Doli Mathew | വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 01.10.22 | 31.03.23 | 182 | 165 |

കെട്ടിട ഉടമസ്ഥർ സമർപ്പിച്ച അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അപേക്ഷ നൽകിയിട്ടില്ലെങ്കിൽ വസ്തു നികുതിയിൽ നൽകിയ ഇളവ് റദ്ദ് ചെയ്ത് നികുതി ഈടാക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

2022-23 വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ലാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്, ഉപയോഗ ക്രമം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 106 | ശ്രീ. ഹരീഷ് കെ. (ഹോം സ്റ്റേ നടത്തുന്നതിന്) | 1 |
| 108 | ശ്രീ. സിബി എബ്രഹാം (വാണിജ്യം ) | 3 |
| 111 | ശ്രീ. പുന്നൂസ് എം. പി. (വ്യാപാരം) | 4 |
| 114 | ശ്രീ. ജിന്റോ ജോസഫ് (വാണിജ്യം) | 5 |

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്താതെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ലൈസൻസ് നൽകൽ - അപാകതകൾ

എ) 2022-23 വർഷത്തിൽ 342 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗ ക്രമങ്ങളിലായി 16 വാർഡുകളിലായി 1683 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും

ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) 1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, (ചട്ടം 18) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ യഥാക്രമം പട്ടിക lii പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന കുതിര ശക്തി | മോട്ടോർ ഫീസ് (₹) |
|---|---|---|---|---|
| 1 | 77 | മാതാ ഹോളോ ബ്രിക്സ് | 5 | 50 |
| 2 | 89 | ശ്രീ. ഭുവനേശ്വരി ഫ്ളോർ മിൽ | 10 | 100 |
| 3 | 273 | സെന്റ്. മേരീസ് ഫ്ളോർ മിൽ | 10 | 100 |
| 4 | 311 | എസ്. & എസ്. രുചിക്കൂട്ട് | 10 | 100 |

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളിൽ നിന്നും പട്ടിക lii പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്.

1-17 ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കയ്യേറ്റം - തുടർ നടപടി സ്വീകരിച്ചിട്ടില്ല

വണ്ടൻമേട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ചേറ്റുകുഴി ടൗണിലുള്ള 1 ഏക്കർ സ്ഥലം അനധികൃതമായി കയ്യേറിയതായും സ്ഥലം അളന്ന് തിരിച്ച് സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ട് പൊതു ജനങ്ങളിൽ നിന്നും പരാതി ലഭിച്ചിരുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം അളന്ന് തിരിക്കുന്നതിന് സർവ്വേയർക്ക് രേഖാമൂലം അപേക്ഷ നൽകുന്നതിന് 30.09.2022ലെ 3/1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സ്ഥലം കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/21.09.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കൈയ്യേറ്റം ഒഴിപ്പിച്ച് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം അളന്ന് തിരിക്കുന്നതിനും സ്ഥല സംരക്ഷണത്തിനുമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ഔഷധങ്ങൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല

വണ്ടൻമേട് ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിന് കേരള ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് തുക കൈമാറിയെങ്കിലും ഔഷധങ്ങൾ ലഭ്യമാക്കി വിതരണം ചെയ്തിട്ടില്ല.

| പ്രോജക്ട് നം./ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം ₹ | ലഭ്യമാക്കി വിതരണം ചെയ്യുവാനുള്ള മരുന്നുകളുടെ മൂല്യം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പ്രോജക്ട് നം. 18/2022-23. ഹോമിയോ ആശുപത്രി യിലേക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി | 400000 | NEFT മുഖേന സ്ഥാപനത്തിന് 34306403911 (ഐ.എഫ്.എസ്.സി. കോഡ് SBIN0012873) നമ്പർ അക്കൗണ്ടിലേക്ക് 17.03.2023 തീയതിയിൽ ട്രാൻസ്ഫർ ചെയ്തു | - | 400000 |

ഔഷധങ്ങൾ പൂർണ്ണമായി ലഭ്യമാക്കി വിതരണം ചെയ്യേണ്ടതാണ്.

1-19 പൊതുടാപ്പുകൾ റദ്ദ് ചെയ്യൽ - വാട്ടർ അതോറിറ്റി തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

2020 ഫെബ്രുവരി മാസത്തിൽ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഗ്രാമ പഞ്ചായത്ത് നടത്തിയ സംയുക്ത പരിശോധനയെ തുടർന്ന് പൊതുടാപ്പുകളുടെ എണ്ണം 20 ആയി നിജപ്പെടുത്തിയിരുന്നു. നിലവിൽ 62 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് ഓരോ മാസത്തേയും ഡിമാന്റ് നോട്ടീസിലൂടെ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട് വരുന്നത്. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ടാപ്പുകളുടെ എണ്ണത്തിലുള്ള അപാകത പരിഹരിക്കുന്നതിന് നിരവധി തവണ വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നൽകിയിട്ടുണ്ടെങ്കിലും തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. വെള്ളക്കര കുടിശ്ശികയിനത്തിലുള്ള ₹26,73,890/- ഒടുക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ഡിമാന്റ് നോട്ടീസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം. 17/21.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 2020 ഫെബ്രുവരി മാസത്തിൽ നടത്തിയ സംയുക്ത പരിശോധനയെ തുടർന്ന് പൊതുടാപ്പുകളുടെ എണ്ണം പുനർ നിർണ്ണയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന തീയതി മുതൽ വെള്ളക്കരം തുക പുതുക്കി നിർണ്ണയിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 ടേക്ക്-എ-ബ്രേക്ക് ശുചിത്വ സമുച്ചയം - പദ്ധതി പൂർത്തീകരണം അനന്തമായി നീളുന്നു

സംസ്ഥാനത്തെ പ്രധാന പാതകളിൽ വിനോദ സഞ്ചാരികൾക്കും വഴി യാത്രക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനോടൊപ്പം ജനങ്ങൾക്ക് തൊഴിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വരുമാനവും സാധ്യമാക്കുന്നതിനാണ് സംസ്ഥാന സർക്കാർ ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികളിൽ ഉൾപ്പെടുത്തിയത്. പദ്ധതി നടത്തിപ്പിനായി സ.ഉ.(സാധാ)നം. 1401/2020/ത.സ്വ.ഭ.വ./തീ, 27.07.2020 പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മുഖ്യമന്ത്രിയുടെ പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പുറ്റടി ജംഗ്ഷനടുത്ത് ₹13,00,000/- വകയിരുത്തി ഒരു ശുചിത്വ സമുച്ചയ നിർമ്മാണം ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുകയുണ്ടായി. 2020-21ൽ ആരംഭിച്ച പദ്ധതിയ്ക്കായി നാളിതുവരെ ₹21,14,456/- ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തീകരിക്കാനായിട്ടില്ല. ശുചിത്വ സമുച്ചയത്തിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ നാളിതുവരെയും നടപ്പാക്കിയിട്ടുമില്ല. ശുചിത്വ സമുച്ചയത്തിലേക്കാവശ്യമായ ജല ലഭ്യത ഉറപ്പ് വരുത്താതെയാണ് ഗ്രാമ

പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. ടോയ്‌ലറ്റ് കോംപ്ലക്സിലേക്ക് ജലം ലഭ്യമാകാത്ത സാഹചര്യമുണ്ടായാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച മുഴുവൻ തുകയും പാഴായി പോകുന്ന സാഹചര്യവും നിലനിൽക്കുന്നു. ശുചിത്വ സമുച്ചയ പൂർത്തീകരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/21.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വൈദ്യുതീകരണം, ജല സംവിധാനം, ശുചിത്വ സമുച്ചയത്തിലേക്കുള്ള പ്രവേശന വഴി എന്നിവ സജ്ജമാക്കി പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യേണ്ടതാണ്.

1-21 കുടിവെള്ള പദ്ധതി - മോട്ടോർ സ്ഥാപിക്കുന്നതിന് അധികം തുക നൽകിയിരിക്കുന്നു

*1) പഴയതോട്ടംപടി കുടിവെള്ള പദ്ധതി*

| | |
|---|---|
| പ്രോജക്ട്/നം. | പഴയതോട്ടംപടി കുടിവെള്ള പദ്ധതി<br><br>41/2022-23 |
| അളവ് ബുക്ക് നം. | 755/2021-22 |
| കരാറുകാരൻ | ശ്രീ. ജോസഫ് |
| കരാർ നം. | 101/AE/LSGD/VMD/2021-22/തീ. 08.03.2022 |
| അടങ്കൽ തുക | ₹320000/- (CFC) |
| ചെലവ് വിവരം<br><br>വൗച്ചർ നം./തുക | വൗച്ചർ നം. 1521<br><br>തീ. 28.03.2023, ₹137190/- |

പഴതോട്ടംപടി കുടിവെള്ള പദ്ധതിക്കായി കുഴൽകിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) അളവ് ബുക്കിലെ പേജ്-16, ഇനം 4-1 പ്രകാരം 5 HP സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുകയും ഇതിനായി ₹43,556/- നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ മോട്ടോർ കൊണ്ടുവരുന്നതിനും സ്ഥാപിക്കാനുമായി ഇനം നം. 4 പ്രകാരം ₹9,524/- കൂടി അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി ഒബ്സെർവ്ഡ് ഡേറ്റയാണ് തയ്യാറാക്കിയിട്ടുള്ളത്, സബ്മേഴ്സിബിൾ മോട്ടോർ പമ്പ് സെറ്റിന്റെ വില കണക്കാക്കി ഒബ്സെർവ്ഡ് ഡേറ്റ തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) കുടിവെള്ള പദ്ധതിക്കായി സ്വകാര്യ വ്യക്തിയിൽ നിന്നും വിട്ട് നൽകിയ സ്ഥലം നിയമപരമായി പഞ്ചായത്തിന്റെ പേരിൽ കുടിയിട്ടില്ല (1994ലെ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 178).

3) പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

4) മോട്ടോർ വാങ്ങിയതിന്റെ ബിൽ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

*2) കൊങ്കല്ലുമേട് കുടിവെള്ള പദ്ധതി*

| | |
|---|---|
| പ്രോജക്ട്/നം. | കൊങ്കല്ലുമേട് കുടിവെള്ള പദ്ധതി<br><br>42/2022-23 |
| അളവ് ബുക്ക് നം. | 32/2022-23 |

| | |
|---|---|
| കരാറുകാരൻ | ശ്രീ. വിഷ്ണു ജനാർദനൻ |
| കരാർ നം. | 147/AE/LSGD/VMD/2021-22/തീ. 31.03.2022 |
| അടങ്കൽ തുക | ₹160000/- (CFC) |
| ചെലവ് വിവരം<br>വൗച്ചർ നം./തുക | വൗച്ചർ നം. 1606<br>തീ. 28.03.2023, ₹159969/- |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) അളവ് ബുക്കിലെ പേജ്-3, ഇനം E-1 പ്രകാരം 5 HP സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുകയും ഇതിനായി ₹43,556/- നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ മോട്ടോർ കൊണ്ടുവരുന്നതിനും സ്ഥാപിക്കാനുമായി ഇനം E-2 പ്രകാരം ₹9,524/- കൂടി അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

2) കുടിവെള്ള പദ്ധതിക്കായി സ്വകാര്യ വ്യക്തിയിൽ നിന്നും വിട്ടുനൽകിയ സ്ഥലം നിയമപരമായി പഞ്ചായത്തിന് വിട്ടുനൽകിയിട്ടില്ല (1994ലെ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 178).

3) പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

4) മോട്ടോർ വാങ്ങിയതിന്റെ ബിൽ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകണമെന്നുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.10/20.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മോട്ടോർ വാങ്ങിയതിന്റെ ബിൽ സമർപ്പിക്കുന്നതിനായി കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്നും പദ്ധതികളുടെ പൂർത്തീകരണത്തിനായി തുടർ വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മോട്ടോർ വാങ്ങിയതിന്റെ ബിൽ, ഒബ്സെർവ്ഡ് ഡേറ്റയുടെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സ്വകാര്യ വ്യക്തിയിൽ നിന്ന് വിട്ടുകിട്ടിയ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിനുള്ള തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

### 1-22 വണ്ടൻമേട് എം.സി.എഫ്. കുഴൽകിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./പേര് | എം. സി. എഫ്. ബോർവെൽ<br>125/2022-23 |
| അളവ് ബുക്ക് നം. | 30/2022-23 |
| കരാറുകാരൻ | ശ്രീ. വിഷ്ണു ജനാർദനൻ |
| കരാർ നം. | 146/AE/LSGD/VMD/2021-22/തീ. 13.01.2022 |
| അടങ്കൽ തുക | ₹320000/- (CFC) |
| ചെലവ് വിവരം<br>ബിൽ റഫറൻസ് നം. തുക | 2210085201400151 8174/തീ. 28.03.2023<br>₹247764/- |

വണ്ടൻമേട് എം.സി.എഫ്.-ന് കുഴൽകിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അളവ് ബുക്കിലെ പേജ് - 4, ഇനം 7 പ്രകാരം 2 HP സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുകയും ഇതിനായി ₹33,486/-

നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2 HP മോട്ടോറിന്റെ മാർക്കറ്റ് വില ചുവടെ ചേർക്കുന്നു.

| | |
|---|---|
| Kirlosker 175 Mt Head | ₹20800/- |
| Gintal 20 Stage | ₹15400/- |
| CRI PUMP | ₹18500/- |

Observed Data-യിൽ 2 HP സബ്മേഴ്സിബിൾ മോട്ടോറിന്റെ വിലയായി രേഖപ്പെടുത്തിയിരിക്കുന്നത് ₹28,830/-യാണ്. മാർക്കറ്റ് വിലയെക്കാൾ വില അധികരിച്ച് നൽകുവാനിടയായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

പ്രസ്തുത 2 HP മോട്ടോർ കൊണ്ടുവരുന്നതിനും സ്ഥാപിക്കാനുമായി ഇനം നം. 12 പ്രകാരം ₹8,130.50 കൂടി അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

2) പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല

അപാകതകൾക്ക് വിശദീകരണം നൽകണമെന്നുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.11/20.09.2023) മറുപടിയായി, പദ്ധതി പൂർത്തീകരണത്തിനായി തുടർ വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മോട്ടോർ പമ്പ് സെറ്റ് വാങ്ങിയതിന്റെ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മോട്ടോറിന്റെ വില കൃത്യമായി നിശ്ചയിച്ച് അധികം നൽകിയിരിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

1-23 സ്റ്റീൽ പ്രവൃത്തിക്ക് അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 53/2022-23<br>മാലിന്യ സംസ്കരണ പ്ലാന്റ് ഷെഡ് പൂർത്തീകരണം |
| അടങ്കൽ | ₹374655/-<br>(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| കോൺട്രാക്ടർ | ശ്രീ. സുബാഷ് തോമസ് |
| ബിൽ റഫറൻസ് നം./തീയതി/തുക | 22100852014000284864/തീ. 07.07.2022), ₹249649/- |
| എം. ബുക്ക് നമ്പർ | 775/2021-22 |
| കരാർ നം./തീയതി | 76/AE/LID & EW/VMD/2021-22/തീ. 09.02.2022 |

വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്ലാന്റ് ഷെഡ് പൂർത്തികരണത്തിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

അളവ് ബുക്ക് പേജ് നം. 20ലെ ഇനം നം. 4 ആയി ചെയ്ത ഗ്രിൽ പ്രവൃത്തിക്ക്(628.10/kg) 10.16.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത് (₹176.20/കി.ഗ്രാം).

| Description |
|---|
| 10.16.1<br>Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.,) Trusses Etc., Including Cutting, Hoisting, Fixing Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped |

| |
|---|
| Washers Etc. Complete.<br>നിരക്ക് – 176.20/kg |

(PRICE)ലെ ഗ്രിൽ സ്ഥാപിക്കുന്നതിന് 10.25.2 പ്രകാരമുള്ള നിരക്കുകളാണ് നൽകേണ്ടിയിരുന്നത്. വിശദാംശം താഴെ ചേർത്തിരിക്കുന്നു.

| (1) Description -GRILL |
|---|
| 10.25.2 Steel Work Welded In Built Up Sections/framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc., As Required<br>നിരക്ക് – 169.08/kg |

ഇതിന് നൽകാവുന്ന നിരക്ക് ₹169.08/കി.ഗ്രാം മാത്രമാണ് (അടിസ്ഥാന നിരക്ക് 113.70x കോസ്റ്റ് ഇൻഡക്സ് 48.71%) (113.70 + 55.38) = ₹169.08) അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| ഉപയോഗിച്ച സ്റ്റീലിന്റെ അളവ് | നൽകിയ തുക ₹ | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|
| 628.10 കി.ഗ്രാം | 628.10x 176.20 = 110671.20 | 628.10x 169.08 = 106199.14 | 4472.06 GST-12% 536.64 = 5009 |

അധികം നൽകിയ തുക = ₹5,009/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അപാകതകൾക്ക് വിശദീകരണം നൽകണമെന്നുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 13/20.09.2023) മറുപടി നൽകിയില്ല. അധികം നൽകിയ തുക ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്, അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

## 1-24 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

2022-23 വർഷം ആരംഭിച്ച താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നം. | ചെലവ് തുക ₹ | തൻ വർഷം വരെ ചെയ്ത പ്രവൃത്തി | അവശേഷിക്കുന്ന ഘട്ടം |
|---|---|---|---|---|
| 1 | ഇരട്ടപ്പള്ളം കുടിവെള്ള പദ്ധതി 203/2022-23 | ₹464561/- 29.03.2023 | കുഴൽ കിണർ കുഴിച്ചിട്ടുണ്ട് | വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ |
| 2 | ശാസ്താനട കുടിവെള്ള പദ്ധതി 101/2022-23 | ₹33489/- 28.03.2023 | കുഴൽ കിണർ കുഴിച്ചിട്ടുണ്ട് | - ടി - |
| | ശാസ്താനട കുടിവെള്ള പദ്ധതി 207/2022-23 | ₹275000/- 31.03.2023 | | |
| 3 | ബി.ടി.ആർ നഗർ കുടിവെള്ള പദ്ധതി 58/2022-23 | ₹76253/- 01.02.2023 മുൻവർഷത്തെ ചെലവ് | കിണർ സ്ഥാപിച്ചിട്ടുണ്ട് | - ടി - |

| | | | | |
|---|---|---|---|---|
| | | ₹284082/- | | |
| | ബി. ടി. ആർ. നഗർ കുടിവെള്ള പദ്ധതി 30/2022-23 | ₹399428/- 29.3.2023 | | |
| 4 | കൊങ്ങല്ലമേട്-കുന്നമണ്ണിൽപ്പടി കുടിവെള്ള പദ്ധതി 58/2022-23 | ₹99725/- 30.06.2022 | കുഴൽ കിണർ കുഴിച്ചിട്ടുണ്ട് | - ടി - |
| 5 | ഇഞ്ചപ്പടപ്പ് എസ്. സി. കോളനി കുടിവെള്ള പദ്ധതി 85/2022-23 | ₹164084/- 28.03.2023 | കുഴൽ കിണർ കുഴിച്ചിട്ടുണ്ട് | - ടി - |
| 6 | ഗാന്ധിനഗർ എസ്.സി. കോളനി കുടിവെള്ള പദ്ധതി 100/2022-23 | ₹194060/- 30.06.2022 | കുഴൽ കിണർ കുഴിച്ചിട്ടുണ്ട് | വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ |

2023-24 വർഷത്തിൽ ഈ കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും പദ്ധതികൾ പൂർത്തീകരിക്കാൻ തുടർ വർഷങ്ങളിൽ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോയെന്നും വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/20.09.2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-25 ആശാൻപടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം - അധികം തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 90/2022-23<br>ആശാൻപടി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം |
| അടങ്കൽ | ₹499000/-<br>(മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കോൺട്രാക്ടർ | ശ്രീ. അഫ്സൽ കെ. എം. |
| ബിൽ റഫറൻസ് നം./തീയതി/തുക | 22100852014000319746/തീ. 16.07.2022), ₹317506/- |
| എം. ബുക്ക് നമ്പർ | 785/2021-22 |
| കരാർ നം./തീയതി | 140/AE/LID &EW/VMD/2021-22/തീ. 31.3.2022 |

ആശാൻപടി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

അളവ് ബുക്കിലെ പേജ് നം. 9ലെ ഇനം ആയി കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഇതിൽ ഫൗണ്ടേഷൻ ഇനത്തിന് 12.5.1.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള സബ് സ്ട്രക്ചറിന്റെ നിരക്കാണ് നൽകിയിരിക്കുന്നത് (₹8791.97/എം$^3$).

ഫൗണ്ടേഷന് നൽകാവുന്ന 11.4.1.1 സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് -

| ഇനം | നിരക്ക് |
|---|---|
| അടിസ്ഥാന നിരക്ക് | ₹4749.86 |
| 1% വാട്ടർ ചാർജ്ജ് | ₹47.49 |
| ആകെ | ₹4797.35 |
| 10% CP | ₹479.73 |

| | |
|---|---|
| ആകെ | ₹5277.08 |
| 10%OH | ₹527.70 |
| ആകെ | ₹5804.78 |
| 41.53 CI | ₹2410.72 |
| ആകെ | ₹8215.50 |

1എം$^3$ പ്രവൃത്തിക്ക് 576.47 നിരക്കിൽ (8791.97-8215.50) അധികം തുക നൽകിയിട്ടുണ്ട്. 32.963എം$^3$ കോൺക്രീറ്റ് പ്രവൃത്തിയാണ് കരാറുകാരൻ നടപ്പാക്കിയിട്ടുള്ളത്. 32.963എം$^3$ പ്രവൃത്തിക്ക് 576.47 നിരക്കിൽ ₹19,002/- അധികം നൽകിയിട്ടുണ്ട്. 12% ജി.എസ്.ടി. ഉൾപ്പെടെ ആകെ ₹21,282/-യാണ് അധികമായി നൽകിയിട്ടുള്ളത്. അധികം നൽകിയ ₹21,282/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അപാകതകൾക്ക് വിശദീകരണം നൽകണമെന്നുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 14/20.09.2023) മറുപടി നൽകിയില്ല. അധികം നൽകിയ തുക ₹21,282/- ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്, അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്.

1-26 കഞ്ഞിപ്പാറ കോളനി കുഴൽകിണർ, മോട്ടോർ ഷെഡ് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രോജക്ട് നം | 118/23 |
| പദ്ധതി അടങ്കൽ | ₹300000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ജോസഫ് മാത്യു |
| അളവ് ബുക്ക് | 757/2021-22 |
| പദ്ധതി ചെലവ് | ബിൽനം.22100852014000593085/തീ. 29.09.2022, ₹122661/-<br>22100852014001180273/തീ. 01.02.2023, ₹174804/- |

കുഴൽ കിണർ നിർമ്മാണം, മോട്ടോർ ഷെഡ്, പൈപ്പ് ലൈൻ എന്നിവയായിരുന്നു എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തി ഇനങ്ങൾ. 20.06.2022ൽ കുഴൽ കിണർ നിർമ്മാണം പൂർത്തിയാക്കിയിരുന്നു. മോണിട്ടറിംഗ് സമിതി റിപ്പോർട്ടിലും പൂർത്തീകരണ സർട്ടിഫിക്കറ്റിലും കുഴൽ കിണർ നിർമ്മാണം പരാജയമായതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കുഴൽ കിണർ പരാജയമായിരുന്നിട്ടും മോട്ടോർ ഷെഡ്, 5000 ലിറ്റർ വാട്ടർ ടാങ്ക് മുതലായ തുടർ പ്രവൃത്തികൾ നടപ്പിലാക്കി കരാറുകാരന് അന്തിമ ബിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അളവ് ബുക്ക് പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യം ₹2,63,866/-യാണ്. 12% ജി.എസ്.ടി. ഉൾപ്പെടെ കരാറുകാരന് അനുവദിക്കാവുന്ന തുക ₹2,95,530/-യാണ്. എന്നാൽ ₹2,97,465/- പിൻവലിച്ചിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം. 8/തീ. 19.09.2023) മറുപടിയിൽ കുഴൽ കിണറിൽ നിന്നും വെള്ളം ലഭ്യമാകാത്ത സാഹചര്യത്തിൽ സമീപത്തായി നിർമ്മിച്ചിട്ടുള്ള സ്വകാര്യ വ്യക്തിയുടെ കുളത്തിൽ നിന്നും പൊതുജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ അഭിപ്രായ പ്രകാരമാണ് തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കുളം ഗ്രാമപഞ്ചായത്തിന് വിട്ടുനൽകാത്ത

സാഹചര്യത്തിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും കുഴൽ കിണർ നിർമ്മാണത്തിനായി വിനിയോഗിച്ച ₹1,20,726/- കിഴിച്ച് ₹1,74,804/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - നടപടി ക്രമങ്ങൾ പാലിച്ചില്ല

2021-22 സാമ്പത്തിക വർഷം ആവിഷ്ക്കരിച്ച ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണ പദ്ധതിയിൽ നാളിതുവരെയായി ₹27,34,428/- ചെലവഴിച്ച് കെട്ടിട നിർമ്മാണം ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് മാത്രമായിട്ടാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

2022-23 വർഷം പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പദ്ധതി അടങ്കൽ | കരാറുകാരൻ | പദ്ധതി ചെലവ് | |
|---|---|---|---|---|
| | | | ബിൽ/ചെക്ക് നം. | തുക |
| 99/23 | ₹1500000/- | മഞ്ജു വി. | 766010/തീ. 28.02.2023 | ₹1000000/- (ബ്ലോക്ക് വിഹിതം) |
| | | | 22100852014001243672/ തീ. 23.02.2023 | ₹178526/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | | | 2210085201400124367/ തീ. 23.02.2023 | ₹61302/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 201/23 | ₹1774200/- | മഞ്ജു വി. | വൗച്ചർ നം.1600/ തീ. 31.03.2023 | ₹977938/- |
| | | | ആകെ | ₹2156464/- |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചപ്പോൾ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബന്ധപ്പെട്ട അധികാരികളിൽ നിന്നും നിർമ്മാണ അനുമതി വാങ്ങിയില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് (Burial And Burnig Ground) റൂൾസ് 1998ൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിന് മുന്നോടിയായി ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരിൽ നിന്നുള്ള അനുമതി വാങ്ങണമെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി വാങ്ങാതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ഫയർ ഫോഴ്സ് വകുപ്പിൽ നിന്നുള്ള അനുമതിയും പദ്ധതിക്ക് ലഭ്യമായിട്ടില്ല. ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം സംബന്ധിച്ചുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. വിശദമായ പ്രോജക്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല

വിശദമായ പദ്ധതി രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കാതെയാണ് ഗ്യാസ് ക്രിമറ്റോറിയത്തിനുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 24/08/2017ലെ DB5-7507/2011 /CE/LSGD. നമ്പർ സർക്കുലറിൽ ഗ്യാസ് ക്രിമറ്റോറിയത്തിന് കുറഞ്ഞത് 25 സെന്റ് സ്ഥലമെങ്കിലും ഉണ്ടായിരിക്കണമെന്നും കെട്ടിടത്തിന് ചുറ്റുമായി നാല് വശത്തും 7.5 മീറ്റർ വീതിയിൽ തുറസ്സായ സ്ഥലം ഉണ്ടായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാതെയാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്. ഏകദേശം 12 പേർക്ക് ഇരിപ്പിടമൊരുക്കാവുന്നതും 18 ച.മീ. വിസ്തൃതിയുള്ളതുമായ വെയിറ്റിംഗ് റൂം മൃതദേഹം ദഹിപ്പിക്കുമ്പോൾ കിട്ടുന്ന ചാരം നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ സ്ഥല സൗകര്യം, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് എന്നിവ ക്രിമറ്റോറിയത്തിന്റെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണെങ്കിലും സ്ഥല സൗകര്യത്തിന്റെ അപര്യാപ്തത പ്രധാന ന്യൂനതയായി

നിലനിൽക്കുന്നു. വാഹന പാർക്കിംഗിനാവശ്യമായ സ്ഥല സൗകര്യവും ഏർപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗവും വിസ്താരം കുറഞ്ഞതാണ്. കെട്ടിടത്തിനുള്ളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഗ്യാസ് ഫർണസ്, ട്രോളി, ഗ്യാസ് ചേമ്പർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തമായ രൂപരേഖയും സ്ഥല സൗകര്യവും ഉറപ്പ് വരുത്താതെയാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

3. ജല ലഭ്യതയ്ക്കുള്ള സംവിധാനം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്യാസ് ഫർണസിന്റെ ഫിൽട്ടറിംഗ് സംവിധാനം, മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ജല ലഭ്യത ഉറപ്പ് വരുത്താതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്.

ആവശ്യമായ മുന്നൊരുക്കങ്ങളും ഫീൽഡ് സർവ്വേയും പദ്ധതി രൂപരേഖയും തയ്യാറാക്കാതെ കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത് പദ്ധതിയുടെ വിജയത്തെ സാരമായി ബാധിക്കാനിടയുണ്ട്. പദ്ധതിക്ക് വേണ്ടി തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് മുമ്പായി വിശദമായ പഠനവും തയ്യാറെടുപ്പുകളും നടത്തേണ്ടതാണ്.

1-28 ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ - രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ക്ലീൻ കേരള കമ്പനിയ്ക്ക് തുക നല്കുന്നതിനായി രണ്ട് പദ്ധതികളാണ് തൻ വർഷം ഉണ്ടായിരുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവ് ₹ |
|---|---|---|
| 1) | 262 – ക്ലീൻ കേരള കമ്പനിയ്ക്ക് ലെഗസി വേസ്റ്റ് കൈമാറലും അനുബന്ധ പ്രവർത്തനങ്ങളും | 406628 |
| 2) | 96<br>മാലിന്യ നിർമ്മാർജ്ജനം-ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ | 22361 |

മേൽ രണ്ട് പ്രോജക്ടുകൾ പ്രകാരം ക്ലീൻ കേരള കമ്പനി ആവശ്യപ്പെട്ടതനുസരിച്ച് തുക കൈമാറുകയും കമ്പനിയുടെ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്പനി നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ്, നല്കേണ്ട തുക, നല്കിയ തുക, നല്കാനുള്ള തുക ഇവ വിശദമായി രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. ഇപ്രകാരമൊരു രജിസ്റ്റർ തയ്യാറാക്കി നിലവിൽ കമ്പനിയ്ക്ക് നല്കാനുള്ള തുക സംബന്ധിച്ച് വ്യക്തമായ രേഖപ്പെടുത്തൽ നടത്തേണ്ടതും തുടർന്നുള്ള എല്ലാ ഇടപാടുകളും അതത് സമയം തന്നെ രേഖപ്പെടുത്തി പോരേണ്ടതുമാണ്.

1-29 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

താഴെ വിശദീകരിച്ചിട്ടുള്ള വൗച്ചറുകൾ പ്രകാരം മഴക്കാല പൂർവ ശുചീകരണത്തിനായി 18 വാർഡുകളിലെ വാർഡ് തല കമ്മിറ്റി ചെയർമാൻമാരുടെ അക്കൗണ്ടിലേയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ആകെ ₹3,24,930/- കൈമാറിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/തീയതി | തുക₹ |
|---|---|
| 22200351/24.06.2022 | 144930 |
| 22200352/24.06.2022 | 180000 |
| ആകെ | 324930 |

എന്നാൽ ടി ചെലവുകളെ സാധൂകരിക്കുന്ന വിനിയോഗ രേഖകൾ വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.19/21.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ₹3,24,930/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - രേഖകൾ/ വിശദാംശങ്ങൾ ലഭ്യമല്ല - ചെലവ് തടസ്സം

2022-23 വർഷം സെക്രട്ടറി നടപ്പാക്കിയ പദ്ധതി ഫയലുകളിൽ താഴെ വിശദീകരിച്ചിട്ടുള്ള രേഖകൾ/വിശദാംശങ്ങൾ ഉൾപ്പെട്ടിട്ടില്ല എന്ന കാരണത്താൽ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| പ്രോജക്ട് നം. | പേര് | ചെലവ് വിശദാംശം | | | ലഭ്യമാക്കാനുള്ള രേഖകൾ |
|---|---|---|---|---|---|
| | | ബിൽ/വൗച്ചർ നം. | തീയതി | തുക(₹) | |
| 95/23 | തുടർ സാക്ഷരത പ്രവർത്തനങ്ങൾ | 22100852013900153387 | 31.05.22 | 22400 | ഹയർ സെക്കണ്ടറി തുല്യത കോഴ്സ് ഫീസ് ആയി ഒടുക്കിയ ₹15,000/-ന് രസീത് ലഭിച്ചിട്ടില്ല |
| | | 22100852013901501808 | 27.03.23 | 7500 | ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് ഫീസ്. രസീത് ലഭിച്ചിട്ടില്ല |
| 246/23 | ISO സർട്ടിഫിക്കേഷൻ പുതുക്കൽ | 22100852013901360118 | 15.03.23 | 30000 | പുതുക്കിയതിന്റെ രേഖ ഫയലിൽ ഇല്ല |
| 136/23 | എസ്. എസ്. കെ. വിഹിതം നല്കൽ | 22100852013900549120 | 16.09.22 | 700000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 277/23 | ഹരിതകർമ്മസേന യൂണിഫോം | 22100852013901389454 | 17.03.23 | 22600 | യൂണിഫോം വിതരണ രേഖ ഫയലിൽ ഇല്ല |
| 266/23 | ശുചിത്വ മിഷൻ കോൺക്ലേവ് തുക കൈമാറൽ | 22201598 | 31.03.23 | 25000 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല |
| | | | ആകെ | 807500 | |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 171500 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (93/2023) | 300000 | 0 |
| | 2022-23 | 150000 | ലൈഫ് ഭവനപദ്ധതി എസ്.സി.പി. (180/2023) | 150000 | 0 |
| | 2021-22 | 1000000 | ക്രിമറ്റോറിയം നിർമ്മാണം – ബ്ലോക്ക് വിഹിതം (99/23) | 1000000 | 0 |
| | 2022-23 | 1350000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (133/23) | 1350000 | 0 |
| | 2022-23 | 200000 | എസ്.സി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യഭ്യാസ സ്കോളർഷിപ്പ് (180/23) | 200000 | 0 |
| | 2022-23 | 6000 | എസ്.ടി വിദ്യാർത്ഥികൾക്ക് | 6000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ഉന്നത വിദ്യഭ്യാസ സ്കോളർഷിപ്പ് (248/23) | | |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2022-23 | 296900 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (93/2023) | 296900 | 0 |
| | 2022-23 | 1050000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (131/2023) | 1050000 | 0 |
| | 2022-23 | 200000 | ഭൂരഹിത ഭവനരഹിതർക്കുള്ള സ്ഥലം വാങ്ങൽ ജനറൽ (111/23) | 200000 | 0 |
| | 2022-23 | 300000 | നെൽ കൃഷിക്ക് കൂലിചെലവ് സബ്സിഡി (148/23) | 300000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹85,80,000/- വരവുണ്ട്.

2022-23ൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (തൻവർഷത്തേത് ഉൾപ്പെടെ) ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷത്തെ വായ്പ തുക ₹ | ആകെ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ ലൈഫ് ഭവന പദ്ധതി | - | 62920410 | 43384001 | 8580000 | 51964001 | 4726130 | 0 | 47237871 |

വാർഷിക കണക്കുകൾ പ്രകാരമുള്ള തൻവർഷത്തെ വായ്പ നീക്കിയിരിപ്പ് തുക ₹5,54,46,641/-യാണ്. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന വേളയിൽ ₹82,08,770/-യുടെ ജേർണൽ തെറ്റായി രേഖപ്പെടുത്തിയതിനാലാണ് വായ്പ നീക്കിയിരുപ്പ് തുകയിൽ വ്യതിയാനം സംഭവിച്ചതെന്നും അടുത്ത വർഷത്തെ ധനകാര്യ പത്രികയിൽ ടി അപാകത പരിഹരിക്കുന്നതാണെന്നും സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹2712500.00 |
| തൻവർഷം നിക്ഷേപിച്ച തുക | ₹0.00 |
| ആകെ | ₹2712500.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹0.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹2949933.00 |

സ്ഥിര നിക്ഷേപത്തിന് 31.03.2022 വരെ ലഭിക്കേണ്ട പലിശയായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹2,37,433/- 31.03.2022ലെ 42100724 ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്ക് 420700101 നമ്പർ ഹെഡിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഒരു വർഷത്തെ പലിശയാണ് കണക്കാക്കിയിട്ടുള്ളത്). പലിശ സഹിതം ആകെ സ്ഥിര നിക്ഷേപം ₹29,49,933/- ആണ്.

എന്നാൽ, പലിശ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. എഫ്. ഡി. നമ്പർ 0238 21.10.2022നും 0237 22.10.2022നും പുതുക്കേണ്ടതായിരുന്നു. എന്നാൽ, നാളിതുവരെ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ തുക പിൻവലിക്കുകയോ ചെയ്തിട്ടില്ല. സമയബന്ധിതമായി നിക്ഷേപങ്ങൾ പുതുക്കാത്തതിനാൽ 21.10.2022 മുതലുള്ള പലിശ നഷ്ടമാകുന്ന സാഹചര്യമാണുള്ളത്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക (₹) | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നം. I.193, നെടുങ്കണ്ടം (പോളിസി സർട്ടിഫിക്കറ്റ് നം.0237, പലിശ 8.5%)) | 22.10.2020 | രണ്ട് വർഷം | 1627500 | 22.10.2022ന് ഡ്യൂ ആയെങ്കിലും പുതുക്കിയിട്ടില്ല |
| 2 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നം. I.193, നെടുങ്കണ്ടം (പോളിസി സർട്ടിഫിക്കറ്റ് നം.0238, പലിശ 8.5%) | 21.10.2020 | രണ്ട് വർഷം | 1085000 | 21.10.2022ന് ഡ്യൂ ആയെങ്കിലും പുതുക്കിയിട്ടില്ല |
| ആകെ | | | | 2712500 | |

## 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2006-07 | 3.35.2 | 2003-04 | 3-4 | വൗച്ചറുകൾ/രേഖകൾ ഹാജരാക്കാത്തത് |
| 2009-10 | 2.8 | 2006-07 | 3-4 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് ₹5,68,920/- |
| 2011-12 | 2.4 | 2007-08 | 3-9 | പട്ടികജാതി ഭവന നിർമ്മാണത്തിനുള്ള ധനസഹായം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയത് ₹3,50,000/- |
| 2015-16 | 4-1-5 | - | - | വിഷയാധിഷ്ഠിത അവലോകനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നികുതി, നികുതിയേതര വരുമാനങ്ങൾ പൊരുത്തപ്പെടാത്ത കണക്കുകൾ |
| 2016-17 | അനുബന്ധം-3 | 2014-15 | 2-1 | വസ്തു നികുതി – അപാകതകൾ |
| 2016-17 | അനുബന്ധം-5 | 2015-16 | 2-1 | തൊഴിൽ നികുതി – അപാകതകൾ |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

– – ഇല്ല – –

ബി) സർചാർജ്ജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി ₹ | കോടതി വ്യവഹാരങ്ങളിൽ/ ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നം./ തീയതി | തുക ₹ | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1998-99 | 20എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 785 | | | | | | 785 | |
| | 21എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 120 | ₹120/- രസീത് നം. 1131100193, 1131100194/ 17.04.2013 | | | | 120 | | |
| | 21ബി | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 600 | ₹600/- രസീത് നം. 1131100191, 1131100192/ 17.04.2013 | | | | 600 | | |
| | 21 സി | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 720 | | | | | | 720 | |
| | 23 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 625 | | | | | | 625 | |
| | 24 | ശ്രീ. കെ. പി. സാബുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/ 2002 21.02.2003 | 4248 | | | | | | | 4248 |
| | 26 | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 170 | | 170 | | | 170 | | |
| | 27-എ | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 4940 | | | | | | 4940 | |
| | 27(ബി) | ശ്രീ. റ്റി. ഡി. | LF.9862 | 5000 | | | | | | 5000 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | രവീന്ദ്രനാഥ് സെക്രട്ടറി | Spl.Cell/ SC2/02 21.02.2003 | | | | | | | | |
| | 27(സി) | 20 എ 1998-99 ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 5000 | | | | | | 5000 | |
| | 27(ഡി) | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 3469 | | | | | | 3469 | |
| | 29 | ശ്രീ. റ്റി. ഡി. രവീന്ദ്രനാഥ് സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 5000 | | | | | | 5000 | |
| | 34 | ശ്രീ. കെ. പി. സാമ്പുകുട്ടൻ നായർ സെക്രട്ടറി | LF.9862 Spl.Cell/ SC2/02 21.02.2003 | 1183 | | | | | | 1183 | |
| 1999-00 | 22 | ശ്രീ. സാമ്പുകുട്ടൻ നായർ സെക്രട്ടറി | LF.22209 Spl.Cell/ SC.2/ 2005 01.11.2006 | 900 | ₹900/- രസീത് നം. 49/6436/ 18.09.08/ 17.04.13 | | | | 900 | | |
| 1999-00 | 26 | ശ്രീ. സാമ്പുകുട്ടൻ നായർ സെക്രട്ടറി | LF.12365 Spl.Cell/ CSC/C1/ 2003 01.08.2003 | 6840 | | | | | | 6840 | |
| 2001-02 | 2-2 | ശ്രീമതി. പി.റ്റി. ഏലിയാമ്മ സെക്രട്ടറി | LF.22209 Spl.Cell/ SC2/ 2005 01.11.2006 | 2838 | | | | | | 2838 | |
| 2001-02 | 2-9 | ശ്രീമതി. പി.റ്റി. ഏലിയാമ്മ സെക്രട്ടറി | LF.22209 Spl.Cell/ SC2/ 2005 01.11.2006 | 1841 | | | | | | 1841 | |
| 2008-09 | 3-9 | ശ്രീ. കെ. എം. ഉഷാനന്ദൻ അസി.എഞ്ചിനീയർ | LF.22683 Spl.Cell/ CSC/C1/ 2012 19.06.2014 | 3660 | | | | | | 3660 | |
| 2012-13 | 3.1 | ശ്രീ. രാജൻ വർഗ്ഗീസ് | LF.10878 Spl.Cell/ CSC/C1/ 2015 14.07.2017 | 51728 | | | | | | 51728 | |

**4-9 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം (റെസിപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹26871873.00 |
| വരവ് | ₹61907970.00 |
| ആകെ | ₹88779843.00 |
| ചെലവ് | ₹51343358.00 |
| നീക്കിയിരിപ്പ് | ₹37436485.00 |

(കുറിപ്പ് – പഞ്ചായത്തിന്റെ 2022-23ലെ റെസിപ്റ്റ് & പേയ്മെന്റ് പത്രികയിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്)

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1333525.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | - ഇല്ല - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 5009 | ശ്രീമതി. അഞ്ജലി പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-25 | 21282 | ശ്രീമതി. അഞ്ജലി പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 174804 | ശ്രീ. ലിജിൻ രാജീവ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 324930 | ശ്രീ. അജി കെ. തോമസ്, സെക്രട്ടറി |
| 1-30 | 807500 | ശ്രീ. വിമലചന്ദ്രൻ വി. എസ്., സെക്രട്ടറി |
| | 1333525 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) |
|---|---|
| - ഇല്ല - | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ – - ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ലിജിൻ രാജീവ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>വണ്ടൻമേട് ഗ്രാമപഞ്ചായത്ത്,<br>ഇടുക്കി ജില്ല | CRA 338, അനഘ,<br>ചൂഴംപാല, മുക്കോല,<br>തിരുവനന്തപുരം-695043 |
| ശ്രീ. അജി കെ. തോമസ്<br>സെക്രട്ടറി | സെക്രട്ടറി<br>കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് | കരിവേലിൽ<br>വെള്ളയാംകടി പി. ഒ.<br>കട്ടപ്പന |
| ശ്രീ. വിമലചന്ദ്രൻ വി. എസ്.<br>സെക്രട്ടറി | സെക്രട്ടറി<br>വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് | വിളയൽ വീട്<br>വെള്ളാർവട്ടം<br>ഇളമ്പഴന്നൂർ പി. ഒ.<br>കൊല്ലം – 691534 |
| ശ്രീമതി. അഞ്ജലി പി.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>പി.ഡബ്ല്യൂ.ഡി. റോഡ്സ് ഡിവിഷൻ<br>തൊടുപുഴ | പുത്തൻപുരക്കൽ<br>പതിപ്പള്ളി പി. ഒ.<br>മൂലമറ്റം<br>ഇടുക്കി – 685589 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം | ഖണ്ഡിക നം. | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.ഐ.-6/202/2002/20.07.2000 | 8 | 20എ, 21സി, 23, 24,<br>27എ, ബി, സി, ഡി,<br>29, 34, 36 |
| 1999-2000 | എൽ.എഫ്.ഐ.-6/562/2000/31.07.2000 | 1 | 26 |
| 2001-02 | എൽ.എഫ്.ഐ.-6/281/04/09.02.2005 | 2 | 2-2, 2-9 |
| 2003-04 | എൽ.എഫ്.ഐ.-8/40/06/02.11.2006 | 2 | 3-12, 3-14 |
| 2004-05 | എൽ.എഫ്.ഐ.-8/1022/06/01.06.2007 | 1 | 3-3 |
| 2006-07 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22<br>(അദാലത്ത്) തീ.13.09.2022 | 3 | 3-4, 3-6 (1, 2),<br>3-7 (1, 2) |
| 2007-08 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22<br>(അദാലത്ത്) തീ.13.09.2022 | 2 | 3-9, 3-10 |
| 2008-09 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22<br>(അദാലത്ത്) തീ.13.09.2022 | 1 | 3-9 |
| 2010-11 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22<br>(അദാലത്ത്) തീ.13.09.2022 | 2 | 3-3, 3-4 |
| 2011-12 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22<br>(അദാലത്ത്) തീ.13.09.2022 | 5 | 2-2, 3-1, 3-5,<br>3-8, 3-13 |
| 2012-13 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22<br>(അദാലത്ത്) തീ.13.09.2022 | 1 | 3-1 |
| 2015-16 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22<br>(അദാലത്ത്) തീ.13.09.2022 | 1 | 3-5 |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22<br>(അദാലത്ത്) തീ.13.09.2022 | 3 | 2-3, 3-3,<br>3-6 |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ-പി.3/1329/22 | 3 | 1-12, 1-15, |

| | | | |
|---|---|---|---|
| | (അദാലത്ത്) തീ.13.09.2022 | | 1-18 |
| 2019-20 | കെ.എസ്.എ.-ഐ.ഡി.കെ-13/535/2021<br>തീയതി. 30.06.2021 | 15 | 1-3-4, 1-3-5, 1-11, 1-12,<br>1-14 മുതൽ 1-24 വരെ |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-പി3/1161/2022<br>തീ. 18.05.2023 | 13 | 1-3-1, 1-3-2, 1-9-1, 1-9-2,<br>1-11, 1-12, 1-14, 1-15, 1-17,<br>1-18, 1-19, 1-21, 3-1 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ-പി3/691/2023<br>തീ. 24.07.2023 | 7 | 1-3-4, 1-9-3,<br>1-11 മുതൽ 1-15 വരെ 1-17 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 06-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vandanmedu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vandanmedu Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Vandanmedu Grama Panchayat for the Year 2022-2023.**

**1.Major Observations**

1. All Mandatory Financial statements prescribed in accounting rules are not submitted for audit.
2. Non-disclosure of Assets. Asset register is not comprehensive and upto date.

**2.Other Observations**

1. Monthly Bank reconciliation statement not prepared and one bank account is not included in accounts.
2. Registers, viz., Stock register, Advance register etc., are not maintained correctly and or does not match with accounts.
3. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വണ്ടന്മേട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്